LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2006 മാർച്ച് 15, ബുധൻ

വാല്യം CXXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2006 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

I അനുശോചനം

ജി. ദേവരാജൻ മാസ്റ്ററുടെ നിര്യാണം

മി. സ്പീക്കർ: അഞ്ച് പതിറ്റാണ്ടുകളിലേറെയായി മലയാളികളുടെ സംഗീതാസ്വാദനത്തെ അഗാധമായി സ്വാധീനിച്ച അനുഗ്രഹീതനായ സംഗീതോപാസകനും പ്രശസ്ത നാടക-സിനിമാ സംഗീത സംവിധായകനുമായ ജി. ദേവരാജൻ മാസ്റ്റർ 14-3-2006-ന് രാത്രി നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഒരു മിനിട്ടുനേരം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

II മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു.

1. ജി. ഒ. (ആർടി.) നമ്പർ 2150/01/ഹോം. തീയതി 29-6-2001 (എസ്. ആർ. ഒ. നമ്പർ 654/01) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.